**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (Rubber Production Incentive Scheme) - എട്ടാം ഘട്ടം നടപ്പിലാക്കി കൊണ്ടും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവാകുന്നു.

---

**ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ്**

**സ. ഉ. (പി) നം.109/2022/ധന** **തീയതി, തിരുവനന്തപുരം, 17/09/2022**

---

പരാമർശം:-1) 03-07-2015 തീയതിയിലെ സ. ഉ. (പി)നം.269/2015/ധന നമ്പർ സർക്കാർ ഉത്തരവ്
2) 30-10-2020 തീയതിയിലെ സ. ഉ. (പി)നം.144/2020/ധന നമ്പർ സർക്കാർ ഉത്തരവ്
3) 20-08-2022 തീയതിയിലെ റബ്ബർ ബോർഡിന്റെ 17/1/2022-23/RPD/RPIS നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ന്യായവില ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി പരാമർശം-1 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി വരുന്നു. 01-07-2015 ന് ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ഏഴാം ഘട്ടം 30-06-2022 ന് അവസാനിച്ചിരുന്നു. ഈ പദ്ധതിയുടെ എട്ടാം ഘട്ടം 01-07-2022 മുതൽ ആരംഭിക്കാവുന്നതാണെന്നും പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇതുവരെ രജിസ്റ്റർ ചെയ്യിട്ടില്ലാത്ത റബ്ബർ കർഷകർക്ക് രജിസ്റ്റർ ചെയ്യുവാൻ അവസരം നൽകാവുന്നതാണെന്നും പരാമർശം-3 ലെ കത്ത് പ്രകാരം റബ്ബർ ബോർഡ് അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം-1 പ്രകാരം നടപ്പിലാക്കിയ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ 01-07-2022 മുതൽ 30-06-2023 വരെയുള്ള എട്ടാം ഘട്ടം നടപ്പിലാക്കുന്നതിനും പ്രസ്തുത സ്കീമിന്റെ എട്ടാം ഘട്ട നടത്തിപ്പിലേയ്ക്കായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് ഉത്തരവാകുന്നു :-

i. നിലവിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിൽ രജിസ്റ്റർ ചെയ്യിട്ടില്ലാത്ത റബ്ബർ കർഷകർക്ക് **30-11-2022** വരെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ii. പദ്ധതിയിൽ പുതിയതായി രജിസ്റ്റർ ചെയ്യുന്നതിനായി ആധാർ കാർഡ്, ഇലക്ഷൻ ID കാർഡ്, പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് ഇവയിലേതെങ്കിലുമൊന്ന് തിരിച്ചറിയൽ രേഖയായി സമർപ്പിക്കേണ്ടതാണ്.

iii. എട്ടാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ 01-07-2022 തീയതി മുതലുള്ള പർച്ചേസ്/സെയിൽസ് ഇൻവോയിസുകൾ മാത്രമേ സബ്സിഡിയ്ക്കായി പരിഗണിക്കുകയുള്ളൂ.

iv. ഈ പദ്ധതിയിൻ കീഴിൽ ഒരിക്കൽ രജിസ്റ്റർ ചെയ്ത കർഷകർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല. **എന്നാൽ പരാമർശം-2 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ**

**നിലവിൽ രജിസ്റ്റർ ചെയ്ത എല്ലാ കർഷകരും അവരുടെ 2022-23 സാമ്പത്തിക വർഷത്തെ ഭൂനികുതി രസീത് ബന്ധപ്പെട്ട റബ്ബർ ഉത്പാദക സംഘത്തിൽ സമർപ്പിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.** രജിസ്ട്രേഷൻ പുതുക്കുന്നതിന് സമയ പരിധിയില്ല. എന്നാൽ ഇങ്ങനെ രജിസ്ട്രേഷൻ പുതുക്കുന്നമുറയ്ക്ക് മാത്രമേ 01-07-2022 മുതലുള്ള ബില്ലുകളിന്മേൽ സബ്സിഡി ലഭിക്കുകയുള്ളൂ.

v. നിലവിലുള്ള മറ്റു മാർഗ്ഗ നിർദ്ദേശങ്ങളെല്ലാം എട്ടാം ഘട്ടത്തിനും ബാധകമായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**പ്രീത ബി. എസ്.**
**ധനകാര്യ അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം
3. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർ ബോർഡ്, കോട്ടയം
5. നോഡൽ ഓഫീസർ, www.finance.kerala.gov.in
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ